**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6605** **12.07.12 ൽ മറുപടിയ്ക്ക്**

**<u>മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം</u>**

**<u>ചോദ്യം</u>**
ശ്രീ. മോൻസ് ജോസഫ്

**<u>ഉത്തരം</u>**
ശ്രീ. ആര്യാടൻ മുഹമ്മദ്
ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടർവൽക്കരണം കൂടുതൽ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ ; | (എ) | വകുപ്പിന്റെ എല്ലാ ഓഫീസുകളും കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുണ്ട്. കൂടുതൽ ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി ഫീസ്, ഫൈൻ, ടാക്സ് എന്നിവ അടയ്ക്കുവാനായി ഇ-പേയ്മെന്റ് സംവിധാനം പൂർത്തിയായി വരുന്നു. |
| (ബി) | ബുധനാഴ്ച ദിവസങ്ങളിൽ നികുതി പിരിവിനൊപ്പം മറ്റു സേവനങ്ങൾ കൂടി മോട്ടോർ വാഹന വകുപ്പിൽ നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; ഇത് എല്ലാ ഓഫീസുകളിലും നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത് ; | (ബി) | ബുധനാഴ്ച്ച ദിവസങ്ങളിൽ നികുതി പിരിവിന് വീഴ്ച വരുത്താതെ മറ്റു സേവനങ്ങൾ കൂടി മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ലഭ്യമാക്കണമെന്ന് ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബുധനാഴ്ച്ച ദിവസങ്ങളിൽ മറ്റു സേവനങ്ങൾക്കായി ഫാസ്റ്റ് ട്രാക്ക് കൗണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | വാഹന ഉടമകളുടെ പേരു ചെയ്ഞ്ച് ചെയ്യൽ, ഹൈപ്പോത്തിക്കേഷൻ മാറ്റൽ എന്നിവ ഒരു ദിവസം കൊണ്ട് നടപ്പിൽ വരുത്തുവാൻ വകുപ്പ് നിലവിൽ നേരിടുന്ന പ്രയാസങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (സി) | വ്യാജരേഖകൾ ഉപയോഗിച്ച്, ഹൈപ്പോത്തിക്കേഷൻ റദ്ദാക്കുന്നതിനായി കേരളത്തിലെ പല ഓഫീസുകളിലും അപേക്ഷ ലഭിക്കാറുള്ളതിനാൽ ഹാജരാക്കുന്ന നിരാക്ഷേപ പത്രം (നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്) ശരിയായിട്ടുള്ളതാണോ എന്ന് ബന്ധപ്പെട്ട ഫിനാൻസ് കമ്പനിക്ക് കത്തെഴുതി ഉറപ്പ് വരുത്തിയശേഷം മാത്രമാണ് ഹൈപ്പോത്തിക്കേഷൻ റദ്ദ് ചെയ്യുന്നത്. മേൽ പറഞ്ഞ കാരണം കൊണ്ട് തന്നെ ഹൈപ്പോത്തിക്കേഷൻ മാറ്റൽ ഒരു ദിവസം കൊണ്ട് നടത്തുവാൻ പലപ്പോഴും കഴിയാറില്ല. |

| | | | |
|---|---|---|---|
| | | | കൂടാതെ അന്യസംസ്ഥാന വാഹനങ്ങൾ പേര് മാറ്റുന്നതിനായി കേരളത്തിലെ ട്രാൻസ്പോർട്ട് ഓഫീസുകളിൽ രേഖകൾ സമർപ്പിക്കുമ്പോൾ അപേക്ഷകൻ സമർപ്പിച്ച നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും, മറ്റു രേഖകളും യഥാർത്ഥത്തിലുള്ളതാണോ എന്ന് ഉറപ്പു വരുത്തേണ്ടതുള്ളത് കൊണ്ട് ഒറ്റ ദിവസം കൊണ്ട് പേരു മാറ്റി നൽകാൻ ഇപ്പോൾ കഴിയില്ല. കൂടാതെ മോട്ടോർ വാഹന വകുപ്പിൽ ജീവനക്കാരുടെ കുറവുമൂലം സേവനങ്ങൾ നൽകുന്നതിൽ സ്വാഭാവികമായ കാലതാമസം നേരിടുന്നുണ്ട്. |
| (ഡി) | മോട്ടോർ വാഹന വകുപ്പിൽ പോസ്റ്റൽ സംവിധാനം നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ ; | (ഡി) | ഇപ്പോൾ പരിഗണനയിലില്ല |
| (ഇ) | രജിസ്ട്രേഷൻ സംസ്ഥാനത്ത് എവിടെയും നടത്തുവാൻ അവസരമൊരുക്കുമോ; ഇതിന് പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടോ ; | (ഇ) | 1988-ലെ മോട്ടോർ വാഹന നിയമത്തിന് വിരുദ്ധമായതിനാൽ രജിസ്ട്രേഷൻ സംസ്ഥാനത്ത് എവിടെയും നടത്താൻ കഴിയില്ല. |
| (എഫ്) | സംസ്ഥാനത്ത് എവിടെയും ടാക്സ് സ്വീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ? | (എഫ്) | മോട്ടോർ വാഹന വകുപ്പിന്റെ ആധുനിക വൽക്കരണവുമായി ബന്ധപ്പെട്ട് ഇ -പേയ്മെന്റ് സംവിധാനം നിലവിൽ വരുന്നതോടെ എല്ലാ വാഹനങ്ങളുടെയും നികുതി, വാഹന ഉടമകൾക്ക് ആർ.ടി/ സബ് ആർ.ടി ഓഫീസുകളിൽ പോകാതെ ഇ-പേയ്മെന്റ് സംവിധാനം വഴി ഒടുക്കാവുന്നതാണ്. സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ